**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - വിജിലൻസ് പരിശോധന - ഓപ്പറേഷൻ ടു ടയർ - പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി. ദിനേശനെതിരെയും റവന്യു ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. കെ.കെ.ശ്രീധരൻ, ശ്രീ.പി. രാധാകൃഷ്ണൻ എന്നിവർക്കെതിരെയും ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3089/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.11.2016.

================================================================

**പരാമർശം :** 1) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.07.2012 തീയതിയിലെ E13(SC 6 / 2012/KNR) 19832/2012 നമ്പർ കത്ത്.

2) പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ.പി. ദിനേശൻ, റവന്യു ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. കെ.കെ. ശ്രീധരൻ, ശ്രീ.പി. രാധാകൃഷ്ണൻ എന്നിവർക്ക് നൽകിയ 23.04.2013 തീയതിയിലെ 6453/ഇയു1/13/തസ്വഭവ. നമ്പർ കുറ്റപത്രം.

3) കുറ്റപത്രത്തിന് പയ്യന്നൂർ നഗരസഭാ സെക്രട്ടറി (പ്രൊവി.) ശ്രീ. കെ. പി. ദിനേശനും റവന്യു ഇൻസ്പെക്ടർ-മാരായിരുന്ന ശ്രീ. കെ.കെ.ശ്രീധരനും, ശ്രീ.പി. രാധാകൃഷ്ണനും സമർപ്പിച്ച 14.06.2013 തീയതിയിലെ പ്രതിവാദ പത്രികകൾ.

4) നഗരകാര്യ ഡയറക്ടറുടെ 16.03.2016 തീയതിയിലെ വി2-8017/2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

'ഓപ്പറേഷൻ ടു ടയർ' എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻസ് ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് 27.2.2012 തീയതിയിൽ പയ്യന്നൂർ നഗരസഭയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

1. വൃന്ദാവൻ ആഡിറ്റോറിയത്തിലെ നികുതി നിർണ്ണയിച്ചതിൽ നഗരസഭയ്ക്ക് 86625/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.
2. 4/11 മുതൽ 2/12 വരെയുള്ള കാലയളവുകളിൽ 86 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ അകാരണമായി തീർപ്പാക്കാതെയിരുന്നു.
3. പുനരുദ്ധാരണം നടത്തിയ കെട്ടിടത്തിൽ നിന്നും പുതുക്കിയ നികുതി പിരിക്കുന്നതിനു നഗരസഭ നടപടി സ്വീകരിച്ചില്ല.
4. നഗരസഭയിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചില്ല.

2) പ്രസ്തുത ക്രമക്കേടുകൾക്ക് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശനെതിരെയും, വൃന്ദാവൻ ആഡിറ്റോറിയത്തിലെ നികുതി നിശ്ചയിച്ചതിൽ നഗരസഭയ്ക്ക് 86625/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും, പുനരുദ്ധാരണം നടത്തിയ കെട്ടിടത്തിൽ നിന്നും പുതുക്കിയ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചില്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ. കെ.കെ. ശ്രീധരനെതിരെയും, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ. പി. രാധാകൃഷ്ണനെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയുമുണ്ടായി.

3) വൃന്ദാവൻ ഓഡിറ്റോറിയം കെട്ടിടത്തിന് മുൻകാലങ്ങളിൽ നികുതി നിശ്ചയിച്ചതിൽ കുറവ് വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും, വിജിലൻസ് അന്വേഷണം നടക്കുന്ന അവസരത്തിൽ ഈ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച് കേവലം 3 മാസത്തിൽ താഴെ മാത്രമേ ആയിരുന്നുള്ളൂവെന്നും പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി മുൻകാല പ്രാബല്യത്തോടെ പുതുക്കി നിശ്ചയിച്ച് നികുതി ചുമത്തിയ നോട്ടീസ് കെട്ടിട ഉടമയ്ക്ക് നൽകിയിട്ടുണ്ട് എന്നും 04/11 മുതൽ 02/12 വരെയുള്ള കാലയളവുകളിലെ 86 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ നടപടികൾ എല്ലാം പൂർത്തീകരിച്ചിട്ടു ണ്ടെന്നും വിസ്തൃതിയിൽ പയ്യന്നൂർ നഗരസഭ വളരെ മുന്നിൽ നിൽക്കുന്നതാണെന്നും, ഇത്തരം കെട്ടിട നിർമ്മാണ അപേക്ഷയുടെ പരിശോധനയ്ക്കായി ഒരു ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയും, ഒരു രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയും മാത്രമേയുള്ളൂവെന്നും, മരാമത്ത് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിനാലും, കെട്ടിട നിർമ്മാണ അപേക്ഷകളുടെ ബാഹുല്യം (1500 ഓളം അപേക്ഷകൾ വർഷം തോറും ലഭിക്കുന്നുണ്ട്) കാരണവുമാണ് സ്ഥലപരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ച് കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ സമയപരിധിക്കുള്ളിൽ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വന്നിട്ടുള്ളതെന്നും, മേലിൽ സമയബന്ധിതമായിതന്നെ കെട്ടിട നിർമ്മാണ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതാണെന്നും പുനരുദ്ധാരണം നടത്തുന്ന കെട്ടിടങ്ങളുടെ ഉടമകൾക്ക് നികുതി പുനർ നിർണ്ണയിച്ച് നോട്ടീസുകൾ നൽകി വരുന്നുണ്ടെന്നും, ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ നിലവിൽ പരിപാലിച്ച് വരുന്നുണ്ടെന്നും ശ്രീ. കെ.പി. ദിനേശൻ സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ പരാമർശിക്കുന്നുണ്ട്. കൂടാതെ തന്റെ പേരിൽ ചുമത്തപ്പെട്ടിട്ടുള്ള കുറ്റങ്ങൾ ഒന്നും തന്നെ മനഃപൂർവ്വം സംഭവിച്ചതല്ല എന്നും, ആയവ വ്യക്തിപരമായി വീഴ്ചയായി പരിഗണിക്കരുത് എന്നും നഗരസഭാ സെക്രട്ടറി എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ ഭാരിച്ചതായതിനാലും സമയബന്ധിതമായി ടി ജോലികൾ നിർവ്വഹിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിലുള്ള അഭാവവും പരിഗണിച്ച്, തന്നെ കുറ്റവിമുക്തനാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചു.

4) 27.02.2012-ന് പയ്യന്നൂർ നഗരസഭയിലെ രണ്ട് ജൂനിയർ സൂപ്രണ്ടുമാരും യാദൃശ്ചിക അവധിയിൽ ആയതിനാൽ ജൂനിയർ സൂപ്രണ്ടിന്റെ അര ദിവസത്തെ താൽക്കാലിക ചുമതല മാത്രമാണ് തനിക്ക് ഉണ്ടായിരുന്നതെന്നും പേഴ്സണൽ ക്യാഷ് രജിസ്റ്റർ സൂക്ഷിക്കേണ്ട ആഫീസ് ചുമതല റവന്യൂ ഇൻസ്പെക്ടർ മാത്രമായ തനിക്ക് ഉണ്ടായിരുന്നില്ലെന്നും റവന്യൂ ഇൻസ്പെക്ടർ ആയ തനിക്ക് നികുതി പിരിവിന്റെ ചുമതലയാണ്

ഉണ്ടായിരുന്നതെന്നും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ഇപ്പോൾ നഗരസഭാ ഓഫീസിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചു വരുന്നുണ്ടെന്നും ശ്രീ. പി. രാധാകൃഷ്ണൻ പ്രതിവാദ പത്രികയിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ ടിയാനെ മേൽ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചു.

ശ്രീ. കെ.കെ. ശ്രീധരൻ പയ്യന്നൂർ നഗരസഭാ റവന്യൂ ഇൻസ്പെക്ടറുടെ ചുമതല വഹിച്ചിരുന്ന കാലയളവിൽ നികുതി നിശ്ചയിക്കുന്നത് Annual Rental Value അടിസ്ഥാനപ്പെടുത്തി ആയതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായി എന്നു പറയുന്നത് ശരിയല്ലെന്നും റവന്യൂ ഇൻസ്പെക്ടർ എന്ന നിലയിൽ താൻ നികുതി നിശ്ചയിച്ചപ്പോൾ ആയത് തന്റെ മേലുദ്യോഗസ്ഥന്മാരായ റവന്യൂ സൂപ്രണ്ട്, നഗരസഭാ സെക്രട്ടറി എന്നിവർ അംഗീകാരം നൽകിയിട്ടുണ്ടെന്നും നഗരസഭയിൽ എല്ലാ വർഷവും ഓഡിറ്റ് നടത്തുന്നുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് സെക്ഷനുകൾ ഫയൽ പരിശോധിച്ചതാണെന്നും ആയതിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായതായി പരാമർശിച്ചിട്ടില്ലെന്നും താൻ ചുമതല വഹിച്ചിരുന്ന കാലയളവിലൊന്നും തന്നെ ടി ഓഡിറ്റോറിയത്തിൽ പുനരുദ്ധാരണ പ്രവർത്തികൾ നടന്നിട്ടില്ലെന്നും ആയതിനാൽ തന്നെ നികുതി പുതുക്കേണ്ട വിഷയം തന്റെ മുന്നിൽ വന്നിട്ടില്ലെന്നും പുതുക്കിയ നികുതി ചുമത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല എന്ന ആരോപണം ശരിയല്ലെന്നും ടിയാന്റെ പ്രതിവാദ പത്രികയിൽ പരാമർശിക്കുന്നുണ്ട്. കൂടാതെ ടിയാന്റെ മേലുള്ള ആരോപണം പിൻവലിച്ച് കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചു.

5) മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“വൃന്ദാവൻ ആഡിറ്റോറിയത്തിലെ നികുതി നിർണ്ണയിച്ചതിൽ നഗരസഭയ്ക്ക് 86,625/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നുള്ളതാണ്. സെക്രട്ടറി ശ്രീ. കെ.പി. ദിനേശന്റെ പേരിൽ ചുമത്തിയ കുറ്റങ്ങളിൽ പ്രധാനപ്പെട്ടത് ഇക്കാര്യത്തിൽ കെട്ടിടമുടമയ്ക്ക് 2007 രണ്ടാം അർദ്ധ വർഷം മതൽ ARV പ്രകാരം ലൈബ്രറി സെസ്സ് ഉൾപ്പെടെ ഒരു അർദ്ധ വർഷത്തേയ്ക്ക് 63,000/- രൂപ നിരക്കിൽ നികുതി ചുമത്തി നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ആയതിനെതിരെ കെട്ടിടമുടമ ബഹു. ഹൈക്കോടതിയിലും ബഹു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിലും പരാതിയായും, അപ്പീലായും കേസ്സ് നടന്നിട്ടുള്ളതും തുടർന്ന് വിധി പ്രസ്താവം അപേക്ഷകനെതിരായതിനാൽ വീണ്ടും നികുതി തുക പിഴ ഉൾപ്പെടെ അടവാക്കുന്നതിന് നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചിട്ടുള്ളതായും കാണുന്നു. കൂടാതെ ടിയാനെതിരെ കുറ്റമുന്നയിച്ചിട്ടുള്ളതായ 4/11 മുതൽ 2/12 വരെയുള്ള കാലയളവുകളിൽ 86 ബിൽഡിംഗ് അപേക്ഷകളിന്മേലും നടപടികൾ സ്വീകരിച്ചതായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയിൽ വ്യക്തമാണ്. പുനരുദ്ധാരണം നടത്തിയ കെട്ടിടങ്ങളിൽ നിന്നും പുതുക്കിയ നികുതി ഈടാക്കി വരുന്നതായും നടപടികൾ സ്വീകരിക്കുന്നതായും ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ വ്യക്തമാണ്. 2013 വർഷം മുതൽ എഴുതി സൂക്ഷിച്ചു വരുന്ന ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ നിലവിലും പരിപാലിച്ചു വരുന്നുണ്ട്.”

6) കൂടാതെ സെക്രട്ടറിയായിരുന്ന ശ്രീ. കെ.പി. ദിനേശൻ നൽകിയ മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമാണെന്ന് കാണുന്നതിനാലും വസ്തു നികുതി നിശ്ചയിച്ചതുമായി ബന്ധപ്പെട്ടും പുനരുദ്ധാരണം നടത്തിയ

കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ നികുതി പിരിക്കുന്നത് സംബന്ധിച്ചും മേൽ പറഞ്ഞ വസ്തുതകളുടെയും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മേൽ പറഞ്ഞ പ്രകാരം നിലവിൽ എഴുതി സൂക്ഷിക്കുന്നതിനാലും ടിയാളുകൾക്കെതിരായ തുടർ നടപടികൾ ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ, 'ഓപ്പറേഷൻ ടു ടയർ' എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് 27.2.2012 തീയതിയിൽ പയ്യന്നൂർ നഗരസഭയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ.പി. ദിനേശനെതിരെയും റവന്യു ഇൻസ്പെക്ടർമാരായിരുന്ന ശ്രീ.കെ.കെ. ശ്രീധരൻ, ശ്രീ.പി. രാധാകൃഷ്ണൻ എന്നിവർക്കെതിരെയും ആരംഭിച്ച അച്ചടക്ക നടപടി, ടിയാളുകളുടെ പ്രതിവാദ പത്രികയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച്, തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമേശൻ. എം.കെ.,**
**ജായിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ശ്രീ. കെ.പി. ദിനേശൻ, സെക്രട്ടറി, പയ്യന്നൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. കെ.കെ.ശ്രീധരൻ, റവന്യൂ ഇൻസ്പെക്ടർ, പയ്യന്നൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.പി. രാധാകൃഷ്ണൻ, റവന്യൂ ഇൻസ്പെക്ടർ, പയ്യന്നൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം.
വിജിലൻസ് ഡിപ്പാർട്ട്മെന്റ് (15.06.2016 തീയതിയിലെ 5533/ഡി1/16/വിജി. നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**